**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** **11-02-2025 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലെ പ്രോജക്ട്/അസിസ്റ്റന്റ് യൂണിറ്റ് മാനേജർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ പ്രോജക്ട് അസിസ്റ്റന്റ്/ യൂണിറ്റ് മാനേജർ തസ്തികയിൽ നിലവിൽ 3 ഒഴിവുകളുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ഇല്ല. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ തസ്തികകളിലേക്കുള്ള നിയമനരീതി സ്പെഷ്യൽ റൂൾസിൽ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾ, ക്ലോസ് 7(സി) പ്രകാരം പ്രൊമോഷന് അർഹരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ മാത്രമേ പ്രോജക്ട് അസിസ്റ്റന്റ്/ യൂണിറ്റ് മാനേജർ തസ്തികയിലെ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ. പ്രോജക്ട് അസിസ്റ്റന്റ്/ യൂണിറ്റ് മാനേജർ തസ്തികയിലെ 3 ഒഴിവുകളിലേക്ക് പ്രൊമോഷന് യോഗ്യത നേടിയ ജൂനിയർ അസിസ്റ്റന്റുമാർ കോർപ്പറേഷനിൽ നിലവിലുണ്ട്. |
| (സി) | റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഡയറക്ട് റിക്രൂട്ട്മെന്റ് - പ്രൊമോഷൻ സംബന്ധിച്ച് റേഷ്യോ സ്പെഷ്യൽ റൂളിൽ വ്യക്തമായി നിർവച്ചിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ തസ്തികകളിലേക്കുള്ള നിയമനരീതി സ്പെഷ്യൽ റൂൾസിൽ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾ, ക്ലോസ് 7(സി) പ്രകാരം പ്രൊമോഷന് അർഹരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ മാത്രമേ പ്രോജക്ട് അസിസ്റ്റന്റ്/ യൂണിറ്റ് മാനേജർ തസ്തികയിലെ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ. പ്രോജക്ട് അസിസ്റ്റന്റ്/ യൂണിറ്റ് മാനേജർ തസ്തികയിലെ 3 ഒഴിവുകളിലേക്ക് പ്രൊമോഷന് യോഗ്യത നേടിയ ജൂനിയർ അസിസ്റ്റന്റുമാർ കോർപ്പറേഷനിൽ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് പുതിയ ശാഖകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ കീഴിൽ പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ഒരു ഉപജില്ലാ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കോർപ്പറേഷൻ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രൊപ്പോസലിന്റെ സാധ്യതാ പഠന റിപ്പോർട്ട് സഹിതം വിശദമായ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സർക്കാർ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ